"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സമഗ്ര ശിക്ഷ കേരള, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായി പ്രൊഫ.ഡോ. കെ. മോഹനകുമാർ (പ്രിൻസിപ്പൽ (Rtd) കെ.എസ്.എം.ഡി.ബി കോളേജ്, ശാസ്താംകോട്ട, കൊല്ലം)-നെ പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.119/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. G.O. (MS) No. 233/2022/GEDN തീയതി 19.12.2022

**<u>ഉത്തരവ്</u>**

സമഗ്ര ശിക്ഷ കേരളയിലെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായി കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി കോളേജിൽ നിന്നും പ്രിൻസിപ്പലായി വിരമിച്ച പ്രൊഫ. ഡോ. കെ. മോഹനകുമാർ-നെ പുനർനിയമന വ്യവസ്ഥയിൽ ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) 19.10.2016- ലെ സ.ഉ. (പി) നം.159/2016/ ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

b) വിരമിച്ച തസ്തികയുടെ പരിഷ്ക്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

c) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

d) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

e) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം.

**Prof. (Dr.) K Mohana Kumar, Muttathu, Thottumughom P.O., Mynagappally, Kollam - 690519.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് **(Vide File No.EDN-B1/182/2017-Fin 29.06.2026)**
വിജിലൻസ് വകുപ്പ് **(Vide file No. VIG-C2/337/2026-VIG dated 30.06.2026)**
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം **69** തീയതി **08.07.2026)**
വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി **(GEDN-D2/304/2026-G.EDN)**

ഉത്തരവിൻ പ്രകാരം

Signed by
Sindhu S
Date: 08-07-2026 19:34:32

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-07-2026

ഇനം നം : 69

ഫയൽ നം. ഡി2/304/2026/പൊ.വി.വ.

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി. കോളേജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച് വിരമിച്ച പ്രൊഫ. ഡോ. കെ. മോഹനകുമാറിനെ സമഗ്ര ശിക്ഷ കേരളയുടെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായി നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

69

# കേരള സർക്കാർ

(ശ്രീ. വി.ഡി. സതീശൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | ഡി2/304/2026/പൊ.വി.വ. |
| 2. വകുപ്പ് | : | പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. വിഷയം | : | കൊല്ലം ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി. കോളേജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച് വിരമിച്ച പ്രൊഫ.ഡോ.കെ. മോഹനകുമാറിനെ സമഗ്ര ശിക്ഷ കേരളയുടെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായി നിയമിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07.07.2026 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് (വിജിലൻസ് വകുപ്പ്) |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. കുറിപ്പ് അംഗീകരിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | അബ്ദുൽ നാസർ പുലത്ത് |
| 8. കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഡി. സജിത്ത് ബാബു ഐ. എ,എസ്. |
| 9. മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/07/2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ബിശ്വനാഥ് സിൻഹ ഐ.എ.എസ് |
| 11. മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/07/2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | എൻ. ഷംസുദ്ദീൻ |
| 13. മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/07/2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/07/2026 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി. കോളേജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച് വിരമിച്ച പ്രൊഫഡോ.കെ. മോഹനകുമാറിനെ കേരള സർവീസ് റൂൾസ് ഭാഗം I-ലെ റൂൾ 100 പ്രകാരം സമഗ്ര ശിക്ഷ കേരളയുടെ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറായി നിയമിക്കുന്നതു സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പരിഗണിക്കുന്നത്.

2) സ.ഉ. (MS) 233/2022/GEDN തീയതി 19.12.2022 പ്രകാരം "സമഗ്ര ശിക്ഷ കേരളയിലെ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും (Mode of Appointment)യും നിശ്ചയിച്ച് അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

3) സമഗ്ര ശിക്ഷ കേരളയിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറായി പ്രൊഫ ഡോ. കെ. മോഹനകുമാറിനെ നിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

4) മേൽ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

***പ്രൊഫ. ഡോ. കെ. മോഹനകുമാറിനെ സമഗ്ര ശിക്ഷ കേരളയിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറായി നിയമിക്കുന്നതിന് ബഹു. മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനിക്കുന്ന പക്ഷം, സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം പുനർ നിയമന വ്യവസ്ഥയിലാണ് നിശ്ചയിക്കേണ്ടത്.***

***19.10.2016- ലെ സ.ഉ(പി)നം.159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.***

***a. വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.***
***b. മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.***
***c. പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.***
***d. വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.***

***മേൽ ചട്ടങ്ങളുടെ വെളിച്ചത്തിൽ SSK സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ(പി)നം.159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) ബഹു. മന്ത്രിസഭയുടെ***

അനുമതിയോടെ നിർണ്ണയം നടത്തേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. കൂടാതെ, 30.10.2020 തീയതിയിലെ സർക്കുലർ നം.64/2020/ധന, 14.10.2020 തീയതിയിലെ സർക്കുലർ നം.530/SC1/2020/GA(SC) എന്നിവയിലേക്ക് കൂടി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ തീരുമാനത്തിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്.

5) വിജിലൻസ് വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി ഫയൽ നൽകിയപ്പോൾ ടി വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

**"പ്രൊഫ. ഡോ. മോഹനകുമാർ (Principal(Rtd), KSMDB College, Sasthamcotta)-ന് സമഗ്ര ശിക്ഷ കേരളയിലെ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറായി നിയമനം നൽകുന്നതിലേക്കായി വിജിലൻസ് ക്ലിയറൻസ് നൽകുന്നു".**

6) തുടർന്ന് പ്രൊഫ. ഡോ. മോഹനകുമാർ-നെ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടറായി ധനകാര്യ വകുപ്പ് പറഞ്ഞ വ്യവസ്ഥകൾ പ്രകാരം നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം.

കൊല്ലം ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി കോളേജ് പ്രിൻസിപ്പൽ ആയി റിട്ടയർചെയ്ത പ്രൊഫ. ഡോ. കെ. മോഹനകുമാറിനെ സമഗ്ര ശിക്ഷ കേരളയിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 111 ചട്ടം 100 പ്രകാരം നിയമിക്കാവുന്നതാണോ?